തീർക്കാത്തവർക്ക് ബാക്കി ഗഡു ഉണ്ടെങ്കിൽ ആയത് കൊടുക്കേണ്ടതാണെന്നും ശേഷിക്കുന്ന തുക വായ്പാ തിരിച്ചടവിന് വിനിയോഗിക്കണമെന്നും, ആയതിന് ശേഷവും മിച്ചമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പുതിയ ഭവന പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇ.എം.എസ്. ഭവന പദ്ധതിക്ക് പകരമായി പുതിയ ഭവന പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ ഐ.എ.വൈ. അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ 11-3-2013 -ലെ സ.ഉ(എം എസ്.) 83/13/ത.സ്വഭവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

258 (3545) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് കാലാവധിക്കു മുമ്പ് വായ്പ ഒരുമിച്ച് അടച്ചുകഴിഞ്ഞാൽ പ്രമാണം തിരിച്ചു നൽകുവാൻ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര അപേക്ഷകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് ; ഇവർ ആരൊക്കെയാണ് ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ, സ്ഥലം വാങ്ങാൻ ധനസഹായം നൽകുകയോ ചെയ്യുമ്പോൾ വസ്തുവിന്റെ ആധാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് പണയപ്പെടുത്തുകയോ, ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അനുവദിക്കുന്ന സ്ഥലത്തിന്റെ/വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 12 വർഷത്തേക്ക് ഒഴിവാക്കുന്നതിന് നിശ്ചിത മാതൃകയിൽ ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്റ്റാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. കരാർ റദ്ദ് ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ മുഖേന ഇ.എം.എസ്. ഭവന പദ്ധതി കരാർ റദ്ദ് ചെയ്യുന്നതിന് 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. ശ്രീ.ദാസൻ, വെളുത്തേടത്ത് പറമ്പിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.
2. ശ്രീ.വിനോദ്, ടിയാളുടെ ഭാര്യ ക്ഷണി, കളത്തിപറമ്പിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.
3. ശ്രീമതി മിനിദിലീപ്, കടവിൽ, ചേറായി, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്.
4. ശ്രീ. രാജേഷ്, കിഴക്കേത്തറയിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.
5. ശ്രീമതി ട്രീസ മാത്യു (കർമ്മല) പാടമാട്ടുമ്മേൽ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.
6. ആന്റണി S/o ജോൺ, മഠത്തിപറമ്പിൽ, നായരമ്പലം ഗ്രാമപഞ്ചായത്ത്.

ഇതിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള അപേക്ഷകളിൽ അപേക്ഷകർ കൈപ്പറ്റിയ ഉക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം വായ്പാകരാർ റദ്ദാക്കി നൽകാൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമനമ്പർ 4 മുതൽ 6 വരെയുള്ള അപേക്ഷകൾ പരിശോധനാ ഘട്ടത്തിലാണ്. ശ്രീ. എസ്. ശർമ്മ, എം.എൽ.എ. ലഭ്യമാക്കിയ ശ്രീ.ഷിബു, S/o കണ്ടച്ചൻ, മറ്റപ്പിള്ളി എന്നിവരുടെ അപേക്ഷ തീർപ്പാക്കി കരാർപത്രം റദ്ദാക്കി നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly